അഗതി കുടുംബങ്ങൾ

20 [*167] ശ്രീ. ഡി. സുഗതൻ :

ശ്രീമതി രാധാരാഘവൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

,, പി. ശങ്കരൻ :

,, കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അഗതി കുടുംബങ്ങൾ ഉള്ളതായി കണക്കാക്കുന്നു ;

(ബി) ഇവയിൽ എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭിത്തിയോടുകൂടിയ വീടുണ്ട് ;

(സി) ഇത്തരം വീടില്ലാത്തവരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് എത്ര തുക ചെലവുവരുമെന്ന് വെളിപ്പെടുത്താമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) സംസ്ഥാനത്തെ മുഴുവൻ അഗതി കുടുംബങ്ങളേയും കണ്ടെത്താനായി തദ്ദേശസ്വയംഭരണ വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ അഗതി പുനരധിവാസത്തിനായി നടപ്പാക്കിവരുന്ന "ആശ്രയ പദ്ധതി" പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 296 ഗ്രാമ പഞ്ചായത്തുകളിൽ നടത്തിയ പഠനത്തിൽ 23,653 അഗതി കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്.

(ബി) ആശ്രയ പദ്ധതി പ്രകാരം കണ്ടെത്തിയ അഗതി കുടുംബങ്ങളിൽ 8838 കുടുംബങ്ങൾക്ക് സ്വന്തമായി ഭിത്തിയോടുകൂടിയ വീടുണ്ട്. എന്നാൽ ഈ വീടുകൾ പലതും വാസയോഗ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) ആശ്രയ പദ്ധതി പ്രകാരം ഭവനരഹിതരായ അഗതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സഹായം നൽകിവരുന്നു. കൂടാതെ വാസയോഗ്യമല്ലാത്ത വീടുള്ളവർക്ക് അതിന്റെ അറ്റകുറ്റപണികൾ നടത്തി വാസയോഗ്യമാക്കാനും ഈ പദ്ധതി പ്രകാരം സഹായം നൽകിവരുന്നുണ്ട്.

(ഡി) ഈ പദ്ധതിയിലെ ഭവന നിർമ്മാണ ഘടകത്തിന് ഒരു വീടിന് 35,000 രൂപ നിരക്കിൽ 51.85 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly